# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3955** **27-10-2021 - ൽ മറുപടിയ്ക്ക്**

## പോസ്റ്റ്മോർട്ടം അലവൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മേഖലയിലെ രണ്ട് വിഭാഗം ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് വർദ്ധിപ്പിച്ച് ശമ്പള പരിഷ്കരണ കമ്മിഷൻ ശിപാർശ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 1100 രൂപയായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 660 രൂപയായും വർദ്ധിപ്പിക്കാൻ 11-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ശിപാർശയിൽ വിവേചനം ഉണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 1100 രൂപയായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 660 രൂപയായും വർദ്ധിപ്പിക്കാൻ 11-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ശിപാർശ പ്രകാരം ആരോഗ്യവകുപ്പിൽ താൽക്കാലികക്കാർ ഒഴികെയുള്ള ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു (ഡി.എം.ഇ.) കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫൊറൻസിക്ക് മെഡിസിൻ വിഭാഗം ഡോക്ടർമാർക്കുള്ള അലവൻസിൽ വ്യത്യാസമുണ്ടെന്നത് വസ്തുതയാണോ; | (സി) | ആരോഗ്യവകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെയും പോസ്റ്റ്മോർട്ടം അലവൻസിൽ ആനുപാതികമായ വർദ്ധനവ് 11-ാം ശമ്പളപരിഷ്ക്കരണ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഒരു പോസ്റ്റ് മോർട്ടത്തിന് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്കും 2016-ലെ ശമ്പള പരിഷ്കരണ ശിപാർശ പ്രകാരം എത്ര രൂപയാണ് അലവൻസെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ശമ്പള പരിഷ്കരണ കമ്മിഷൻ ശിപാർശ പ്രകാരം വർദ്ധനവ് എത്രയാണ്; | (ഡി) | 2016-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 1000 രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് 600 രൂപയും ആയിരുന്നു. പതിനൊന്നാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ ശിപാർശ പ്രകാരം ടി അലവൻസിൽ 10% വർദ്ധനവ് രണ്ട് വകുപ്പുകളിലും അനുവദിച്ചിട്ടുണ്ട്. |
| (ഇ) | പോസ്റ്റ്മോർട്ടം അലവൻസ് നിശ്ചയിക്കുമ്പോൾ | (ഇ) | കമ്മീഷന്റെ റിപ്പോർട്ടിൽ പ്രസ്തുത ഹൈക്കോടതി |

| | | | |
|---|---|---|---|
| | വിവേചനം പാടില്ലെന്നുള്ള 2006-ലെ ഹൈക്കോടതി ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ കമ്മിഷന്റെ ശിപാർശ ഹൈക്കോടതി ഉത്തരവിനു വിരുദ്ധമാണെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ; | | ഉത്തരവിനെക്കുറിച്ച് പരാമർശമില്ല. |
| (എഫ്) | ഓരോ പോസ്റ്റ്മോർട്ടത്തിലും സഹായികളായി എത്ര മോർച്ചറി ജീവനക്കാർ പങ്കെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇവരുടെ വർദ്ധിപ്പിച്ച അലവൻസും വർദ്ധനക്കുമുമ്പുള്ള അലവൻസും എത്രയാണ്; സർട്ടിഫിക്കറ്റുകൾ ടൈപ്പ് ചെയ്യുന്നവർക്കുള്ള അലവൻസ് എത്രയാണ്; ഇവരുടെ അലവൻസ് എടുത്തുകളഞ്ഞു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എഫ്) | ഓരോ പോസ്റ്റ്മോർട്ടത്തിനും നിലവിൽ സർക്കാർ മെഡിക്കൽ കോളേജിൽ ഒരു മോർച്ചറി അറ്റൻഡർ/എഫ്.റ്റി.എസ്, ഒരു ടെക്നീഷ്യൻ/ലാബ് അസിസ്റ്റന്റ് എന്നിവരാണ് മോർച്ചറിയിൽ സഹായികളായി പങ്കെടുക്കുന്നത്. ആരോഗ്യവകുപ്പിന് കീഴിലെ ആശുപത്രികളിൽ ഓരോ പോസ്റ്റ്മോർട്ടത്തിലും സഹായികളായി ഒരു നേഴ്സിംഗ് അസിസ്റ്റന്റ് , ആശുപത്രി അറ്റന്റർ ഗ്രേഡ് II എന്നിവർ പങ്കെടുക്കുന്നു. ആരോഗ്യവകുപ്പിലെ ഹോസ്പിറ്റൽ അറ്റന്റഡന്റ് ഗ്രേഡ്-II, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 100 രൂപ പോസ്റ്റ്മോർട്ടം അലവൻസ് പുതുതായി അനുവദിച്ചിട്ടുണ്ട്. 7-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ CA/Typist/MRL തസ്തികകൾക്ക് പോസ്റ്റ്മോർട്ടം അലവൻസ് അനുവദിച്ചിരുന്നു. എന്നാൽ തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ടി തസ്തികകൾക്ക് പോസ്റ്റ്മോർട്ടം അലവൻസ് അനുവദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ